# മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ
# മാർത്തോമ്മാ സൺഡേസ്കൂൾ സമാജം പ്രസിഡന്റ്
# ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പായിൽ നിന്നും

കൽപന നമ്പർ : 23/13

കർത്താവിൽ പ്രിയരെ,

മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ വിശ്വാസ സമൂഹത്തിന്റെ ആത്മീയ പരിപോഷണത്തിൽ മാർത്തോമ്മാ സൺഡേസ്കൂൾ സമാജം 109 വർഷം പിന്നിടുന്നതോർത്ത് ദൈവത്തിന് സ്തോത്രം ചെയ്യാം. ദൈവവചനം ക്രമീകൃതമായി പഠിപ്പിക്കുവാനും സഭയുടെ വിശ്വാസ ആചാരങ്ങൾ തലമുറകൾക്ക് പകരുവാനും മൂല്യാധിഷ്ഠിത സമൂഹനിർമ്മാണത്തിൽ പങ്കുചേരുവാനും സമാജത്തിന് കഴിഞ്ഞിട്ടുണ്ട് എന്നത് ചാരിതാർത്ഥ്യമാണ്.

ദൈവരാജ്യത്തിന്റെ അവകാശികളായ കുഞ്ഞുങ്ങളിൽ ആദ്ധ്യാത്മിക ദർശനം വളർത്തിയെടുത്ത് അവരെ വിശ്വാസത്തിൽ ഉറപ്പിക്കേണ്ടതും വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിന് അവരെ പ്രാപ്തരാക്കേണ്ടതും നമ്മുടെ കർത്തവ്യമാണ്. ഈ വലിയ ശുശ്രൂഷയിൽ മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും പങ്ക് വളരെ വലുതാണ്. “ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക വൃദ്ധനായാലും അവനത് വിട്ടുമാറുകയില്ല” എന്ന വേദവാക്യം ക്രിസ്തീയ വിശ്വാസത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്നു. കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്നതോടൊപ്പം അവർക്ക് മുൻപിൽ മാതൃകാപരമായി ജീവിക്കുക എന്നതും നമ്മുടെ കർത്തവ്യമത്രേ.

2013 നവംബർ മാസം 3-ാം തീയതി അഖിലലോക സൺഡേസ്കൂൾ ദിനമായി നാം വേർതിരിച്ചിരിക്കുന്നു. എല്ലാ സൺഡേസ്കൂളും ആ ദിനത്തിൽ പ്രത്യേക പ്രോഗ്രാമുകൾ ക്രമീകരിക്കണം. സാധിക്കുമെങ്കിൽ ഇതര എപ്പിസ്കോപ്പൽ സഭകളിലെ സൺഡേസ്കൂളുകളുമായി ചേർന്ന് പ്രസ്തുത ദിനം ആഘോഷിക്കുന്നതും അഭികാമ്യമത്രെ. അന്നേ ദിവസം ആരാധനാ മദ്ധ്യേ ഉപയോഗിക്കുന്നതിന് അഭിവന്ദ്യ മെത്രാപ്പോലീത്തായുടെ അനുവാദപ്രകാരം തയ്യാറാക്കിയിട്ടുള്ള ആരാധനാക്രമം ഉപയോഗിക്കണം. സൺഡേസ്കൂൾ അദ്ധ്യാപകർക്കും കുട്ടികൾക്കും ആരാധനയിൽ പങ്കാളിത്വം ഉറപ്പാക്കണം. സമാജത്തിനുവേണ്ടിയുള്ള അന്നേദിവസത്തെ സ്തോത്രകാഴ്ച വിജയിപ്പിക്കണം. ലഭിക്കുന്ന തുക മുഴുവൻ താമസംവിന സമാജം ഓഫീസിൽ അടക്കുവാൻ ഇടവകചുമതലക്കാർ ശ്രദ്ധിക്കുമല്ലോ.

സമാജത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ പ്രോജക്ട് ആണല്ലോ. സുഗന്ധഗിരി പദ്ധതി പ്രസ്തുത പദ്ധതിക്കുള്ള വിഭവ സമാഹരണം 2014 ജനുവരി മാസം 12-ാം തീയതി നടത്തപ്പെടുന്നത്. വിഭവ സമാഹരണത്തിൽ ഉത്സാഹപൂർവ്വം കുട്ടികളെ പങ്കാളികളാക്കുവാൻ അദ്ധ്യാപകരും മാതാപിതാക്കളും ഉത്സാഹിക്കണം.

ത്യാഗപൂർവ്വം സൺഡേസ്കൂൾ ശുശ്രൂഷയിൽ പങ്കാളികളാകുന്ന ഏവരെയും സ്മരിക്കുന്നു. അർത്ഥവത്തായ ജീവിത രൂപാന്തരം ഉളവാക്കുവാൻ ദൈവാത്മാവിൽ ശക്തിപ്പെട്ട് പ്രവർത്തിക്കുവാൻ ദൈവം ഏവരെയും ശക്തീകരിക്കട്ടെ

കർത്താവേശുമിശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

ക്രിസ്താബ്ദം 2013 സെപ്റ്റംബർ മാസം 25-ാം തീയതി കോഴിക്കോട് മാർത്തോമ്മാ സെന്ററിൽനിന്നും

**റൈറ്റ് റവ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ**